# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5712 — 03-11-2016-ൽ മറുപടിക്ക്

## സാമൂഹ്യ വനവത്ക്കരണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>,, വി.കെ.സി. മമ്മത് കോയ<br>,, കെ. ആൻസലൻ<br>,, മുരളി പെരുനെല്ലി | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) വനേതര ഭൂമിയിൽ 'എന്റെ മരം', 'നമ്മുടെ മരം' മുതലായ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; | എ) വനേതര ഭൂമിയിൽ 'എന്റെ മരം,' 'നമ്മുടെ മരം' മുതലായ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 2006-ൽ 'എന്റെ മരം' പദ്ധതി ആരംഭിച്ചു. ഇത് വിജയമായതിന്റെ അടിസ്ഥാനത്തിൽ 2007-ൽ കോളേജ് വിദ്യാർത്ഥികൾക്കായി 'നമ്മുടെ മരം' എന്ന പദ്ധതിയും ആരംഭിച്ചു. ഈ രണ്ടു പദ്ധതികളും തുടർന്നു വരുന്നു. |
| ബി) വനസംരക്ഷണത്തിനും വനപരിപാലനത്തിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) വനം കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി തടയുകയും വനം കയ്യേറ്റം ഉണ്ടാകുമ്പോൾ കുറ്റക്കാർക്ക് എതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും, കയ്യാല സ്ഥാപിച്ചും, വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനസംരക്ഷണം |

ഉണ്ടാകുന്നു വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വന പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴി വനം കയ്യേറ്റശ്രമങ്ങളും ഇതര കുറ്റകൃത്യങ്ങളും തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ആവശ്യമായ ആയുധങ്ങളും , വാഹനങ്ങളും, വാർത്താവിനിമയ ഉപകരണങ്ങളും നൽകി ജീവനക്കാരെ സജ്ജരാക്കിയിട്ടുണ്ട്. വനം കയ്യേറ്റം തടയാൻ റവന്യൂ പോലീസ് അധികാരികളുടെ സഹായത്തോടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സി) സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ നട്ടുപിടിപ്പിക്കുന്ന മരങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ മാത്രം വച്ചു പിടിപ്പിക്കുന്നതിനും പ്രസ്തുത മരങ്ങൾ തുടർന്നും പരിപാലിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സി) വിദ്യാഭ്യാസ വകുപ്പും, വനം വകുപ്പും ചേർന്ന് നടത്തുന്ന 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതികൾ പ്രകാരം വിതരണം ചെയ്ത തൈകൾ അനുയോജ്യമായ സ്ഥലങ്ങളിൽ മാത്രം നടുന്നതിനും, പരിപാലിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി സ്കൂൾ / കോളേജ് തലത്തിൽ പ്രധാന അദ്ധ്യാപകൻ/ തെരഞ്ഞെടുത്ത അദ്ധ്യാപകൻ, വാർഡ് മെമ്പർ, തെരഞ്ഞെടുത്ത വിദ്യാർത്ഥി പ്രതിനിധി, വനം വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഒരു പി.ടി.എ. മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ തൈകളുടെ വളർച്ച, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നു. തുടർ പരിപാലനം ബന്ധപ്പെട്ട വിദ്യാർത്ഥികൾ തന്നെ നടത്തണം എന്നതാണ് പദ്ധതികൊ

[illegible]

സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന തൈകളെ സംബന്ധിച്ച്, പഞ്ചായത്ത് സെക്രട്ടറി ചെയർമാനും, കൃഷി ഓഫീസർ, ഫോറസ്റ്റർ, പഞ്ചായത്ത് മെമ്പർ, എൻ.ജി.ഒ പ്രതിനിധികൾ എന്നിവർ മെമ്പർമാരുമായുള്ള കമ്മിറ്റിയാണ് മേൽപ്പറഞ്ഞ രീതിയിൽ നട്ടു പിടിപ്പിച്ച തൈകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. സാമൂഹ്യവനവത്ക്കരണ വിഭാഗം റാൻഡം സാമ്പ്ളിംഗ് മുഖേന തൈകളുടെ അതിജീവന ശതമാനം കണക്കാക്കിവരുന്നു. വൃക്ഷത്തൈനടീൽ വനം വകുപ്പ് വിജിലൻസ് ഉദ്യോഗസ്ഥർ വിലയിരുത്തിവരുന്നു.

വഴിയോരത്തണൽ പദ്ധതി പ്രകാരം വനം വകുപ്പ് നട്ട തൈകൾ ട്രീ ഗാർഡ് വെച്ച് സംരക്ഷിക്കുകയും വേനൽക്കാലത്ത് വെള്ളം നനച്ച് പരിചരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ